**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 245 — **10.6.2013- ൽ മറുപടിക്ക്**

## മന്ത്രിമാർക്കും പേഴ്സണൽ സ്റ്റാഫിനും എതിരെയുള്ള ആരോപണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) ഈ മന്ത്രിസഭയിലെ ഏതെല്ലാം മന്ത്രിമാർക്കും പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കുമെതിരെ അഴിമതി ഉൾപ്പെടെയുള്ള ആരോപണങ്ങൾ ഉന്നയിക്കപ്പെടുകയുണ്ടായി ; | (എ) ഈ സർക്കാരിന്റെ കാലത്ത് മന്ത്രി ശ്രീ.അനൂപ് ജേക്കബ്, മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ശ്രീ.രാധാകൃഷ്ണൻ തുടങ്ങിയവർക്കെതിരായി ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ ഉൾക്കൊള്ളുന്ന പരാതി ഹർജികളും, ശ്രീ.കെ.എം. മാണിക്കെതിരായ പരാതി ഹർജികളും, ശ്രീ.എം.കെ.മുനീർ, ശ്രീ.അബ്ദുറബ്ബ് തുടങ്ങിയവർക്കെതിരെ അഴിമതി ആരോപണങ്ങൾ ഉന്നയിക്കുന്ന പരാതി ഹർജികളും തൃശൂർ വിജിലസ് കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇവയിന്മേൽ അന്വേഷണത്തിന് ഉത്തരവിട്ടുകൊണ്ട് കോടതി അവ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) മന്ത്രിമാരുടെയോ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെയോ ക്രമവിരുദ്ധവും അഴിമതി നിറഞ്ഞതുമായ നടപടികൾ സംബന്ധിച്ച് സർക്കാരിന് ലഭിച്ച ഹർജികൾ എത്ര ; ഇതിൽ എത്ര ഹർജികൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട് ? | (ബി) മന്ത്രിമാർക്കും പേഴ്സണൽ സ്റ്റാഫിനുമെതിരായ ആരോപണം സംബന്ധിച്ച് രണ്ടു പരാതികൾ വിജിലൻസ് വകുപ്പിനും രണ്ടു പരാതികൾ ആഭ്യന്തര വകുപ്പിനും ലഭിച്ചിട്ടുണ്ട്. ഇതിൽ വിജിലൻസ് അന്വേഷണം നടക്കുന്നില്ല. |

Manjith

സെക്ഷൻ ആഫീസർ